**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2297** **12.03.2020-ൽ മറുപടിയ്ക്ക്**

**സാമൂഹ്യ പഠനമുറി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമൂഹ്യ പഠനമുറി സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | എ) | ഉണ്ട്. പട്ടിക ഗോത്രവർഗ്ഗ ഭവനങ്ങളുടെ ശോച്യാവസ്ഥയും, പഠനത്തിന് വേണ്ട സഹായവും മാർഗ്ഗ നിർദ്ദേശവും നൽകുന്നതിന് കുടുംബാംഗങ്ങൾക്കുള്ള പരിമിതിയും കണക്കിലെടുത്ത് 2017-18 സാമ്പത്തിക വർഷം സാമൂഹ്യ പഠനമുറി എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഗൃഹപാഠങ്ങൾ ചെയ്യുന്നതിനും സംശയദൂരീകരണം നടത്തുന്നതിനും സൗകര്യമൊരുക്കുകയാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് 100 സാമൂഹ്യ പഠനമുറികളാണ് എല്ലാ സജ്ജീകരണങ്ങളും ഉൾപ്പെടെ പ്രവർത്തിച്ചു വരുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ 150 പഠന മുറികൾ കൂടി സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിൽ 100 സാമൂഹ്യപഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, പൂർത്തീകരിച്ചവയിൽ ഫെസിലിറ്റേറ്റർ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ, പ്രോജക്ട് ഓഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ഒരോ പഠന കേന്ദ്രത്തിലും 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് ആവശ്യമായ പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പഠന മേൽനോട്ടത്തിനായി കോളനികളിലെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരെഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. ഒരു സാമൂഹ്യ പഠനമുറിക്ക് ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ(2 എണ്ണം), യുപിഎസ്(2), വൈറ്റ് |

| | | | |
|---|---|---|---|
| | | | ബോർഡ് (1), എൽ.ഇ.ഡി മോണിറ്റർ(1), എൽ.ഇ.ഡി ഡിസ്പ്ലേ (1) കമ്പ്യൂട്ടർ ടേബിൾ(1), മുപ്പത് വിദ്യാർത്ഥികൾക്ക് ഇരിക്കുവാൻ കഴിയുന്ന സൗകര്യത്തോടുകൂടിയ സ്റ്റഡി ടേബിളുകൾ എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. |
| ബി) | മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എത്ര സാമൂഹ്യപഠന മുറികൾ സ്ഥാപിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ? | ബി) | മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 18 സാമൂഹ്യ പഠന മുറികൾ പ്രവർത്തിച്ചു വരുന്നു. വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -

## മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള സാമൂഹ്യ പഠനമുറികളുടെ പേര് വിവരങ്ങൾ

| ക്രമ നം | പ്രവർത്തി | കോളനി/ സ്ഥാപനം | ജില്ല | പഞ്ചായത്ത് | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | സാമൂഹ്യ പഠനമുറി | കള്ളക്കര | പാലക്കാട് | ഷോളയൂർ | മണ്ണാർക്കാട് |
| 2 | | ഷോളയൂർ | | | |
| 3 | | വരഗംപാടി | | | |
| 4 | | നല്ലശിങ്ക | | | |
| 5 | | കൊളപ്പടി | | | |
| 6 | | ഭൂതിവഴി | | അഗളി | |
| 7 | | ചിണ്ടക്കി | | | |
| 8 | | നക്കുപതി ഊര് | | | |
| 9 | | അടിയക്കണ്ടിയൂർ | | | |
| 10 | | കാരറ | | | |
| 11 | | കതിരംപതി | | | |
| 12 | | മാമണ | | | |
| 13 | | ഇലച്ചിവഴി | | പുതൂർ | |
| 14 | | കാരത്തൂർ | | | |
| 15 | | ഉമ്മത്താംപടി | | | |
| 16 | | മൂലഗംഗൽ | | | |
| 17 | | മേലെമുള്ളി | | | |
| 18 | | പാലൂർ | | | |

സെക്ഷൻ ഓഫീസർ

ജിപി.വി./06.03.2020